## ഭൂരഹിതർക്ക് ഭൂമി

160(1227) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി നൽകാനുള്ള പദ്ധതി ഈ സർക്കാർ നടപ്പിലാക്കിയത് എന്നാണെന്നും 2016 ജനുവരി 31 വരെ എത്ര അപേക്ഷ ലഭിച്ചു എന്നും നാളിതുവരെ എത്ര പേർക്ക് ഭൂമി നൽകി എന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഭൂരഹിതർക്ക് നൽകാനായി സർക്കാർ കണ്ടെത്തിയ ഭൂമി എത്ര എന്നും, ഇതിനു വേണ്ടി ദാനമായി ലഭിച്ച ഭൂമി എത്ര എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഭൂരഹിതർക്ക് ഭൂമി നൽകുവാൻ എത്ര പേർ ദാനം/സമ്മാനമായി ഭൂമി നൽകിയെന്നും അവർ ആരെല്ലാമാണെന്നും എത്ര സെന്റ് ഭൂമി വീതം നൽകിയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദാനം/സമ്മാനമായി ലഭിച്ച ഭൂമി ഭൂരഹിതർക്ക് നൽകാതെ എത്ര ഭൂമി ഇനിയും സർക്കാരിന്റെ കൈവശമുണ്ട്; വ്യക്തമാക്കുമോ;

(ഇ) നിലവിൽ സർക്കാർ ആവശ്യങ്ങൾക്കായി (വിവിധ പദ്ധതികൾക്ക്) ഉപയോഗിക്കാതെയുള്ള ഭൂമി, സർക്കാർ കണ്ടെത്തിയ മിച്ചഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ സർക്കാരിന്റെ കൈവശം എത്ര ഉണ്ട്; തരം തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുള്ള വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ, കയ്യേറ്റ മാഫിയകൾ എന്നിവയിൽ നിന്നും എത്ര ഹെക്ടർ സർക്കാർ ഭൂമി പിടിച്ചെടുക്കേണ്ടതായിട്ടുണ്ട്; ഇവ സർക്കാർ അധീനതയിൽ കൊണ്ടുവരാൻ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; ഇത്തരക്കാരിൽ നിന്നും എത്ര ഭൂമി ഈ കാലയളവിൽ സർക്കാർ അധീനതയിൽ കൊണ്ടു വന്നു; വിശദാംശം വ്യക്തമാക്കുമോ;

(ജി) നിലവിൽ എത്ര പേർ ഭൂരഹിതരായിട്ടുണ്ട് എന്നാണ് കണക്കാക്കുന്നത്; സർക്കാരിന്റെ കൈവശം ഉള്ള ഭൂമി ഇവർക്ക് നൽകുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly